ഉത്തരം

(എ&ബി) ആറന്നാട് ലെപ്രസി സാനിറ്റേറിയം താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ താലൂക്കാശുപത്രികളിലെ ഒഴിവുകൾ

39 (2313) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിൽ വിവിധ ആശുപത്രികളിലായി എത്ര ഡോക്ടർമാരുടെ ഒഴിവ് നിലവിലുണ്ട്; എത്ര പേർ അനധികൃത അവധിയിൽ പോയിരിക്കുന്നു; എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്നു വിശദാംശം നൽകാമോ;

(ബി) ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യാ എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന എത്ര താലൂക്ക് ആശുപത്രികൾ ഉണ്ട്; വിശദാംശം നൽകാമോ;

(സി) താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജി, ശിശുരോഗ വിഭാഗം, അനസ്തേഷ്യാ വിഭാഗങ്ങൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ആരോഗ്യവകുപ്പിൽ വിവിധ ആശുപത്രികളിലായി അറുപത്തിയേഴ് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. പതിനൊന്ന് പേർ അനധികൃത അവധിയിൽ പോയിരിക്കുന്നു. രണ്ടുപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്നു.

(ബി) ഗൈനക്കോളജി-താലൂക്കാശുപത്രി, നെടുങ്കണ്ടം ശിശുരോഗവിഭാഗം-താലൂക്കാശുപത്രി, കട്ടപ്പന അനസ്തേഷ്യ വിഭാഗം-താലൂക്കാശുപത്രി, നെടുങ്കണ്ടം.

(സി&ഡി) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റ് ജോലി നോക്കിവരുന്നതിനാൽ ഈ വിഭാഗത്തിലെ പ്രവർത്തനം തടസ്സമില്ലാതെ നടത്തുന്നു. കട്ടപ്പന താലൂക്കാശുപത്രിയിൽ ശിശുരോഗവിഭാഗത്തിൽ 2015 നവംബർ മാസത്തിൽ പുതുതായി സൃഷ്ടിച്ച രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ഈ ഒഴിവിലേക്ക് രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ അനസ്തേഷ്യ വിഭാഗത്തിലെ ഒഴിവ് നികത്തുന്നതിലേക്കായി ജനറൽ കേഡറിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. മേൽനടപടികൾ മുഖേന പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കിടത്തി ചികിത്സയുള്ള പി.എച്ച്.സി.-കൾ

40 (2314) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിത്സയുള്ള പി.എച്ച്.സി.കളായി ഉയർത്തിയിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് 6-11-2008-ലെ സ.ഉ.(എം.എസ്.) നമ്പർ 568/2008/ആ.കു.വ. പ്രകാരമാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിത്സയുള്ള 24x7 പി.എച്ച്.സി. എന്ന വിഭാഗത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തിയത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 150 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24x7 പി.എച്ച്.സി.-കളായി നാമകരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എച്ച്.സി.-കളെ 24x7 പി.എച്ച്.സി.യായി ഉയർത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly